## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 918 — 11.07.2016 -ൽ മറുപടിക്ക്

### ചെല്ലാനം വില്ലേജ്

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) കൊച്ചി താലൂക്കിൽ ഉൾപ്പെട്ട ചെല്ലാനം പഞ്ചായത്തിന്റെ ഒരു ഭാഗം ചെല്ലാനം വില്ലേജിലും ബാക്കി ഭാഗം കുമ്പളങ്ങി രാമേശ്വരം വില്ലേജുകളിലുമാണെന്നത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ചെല്ലാനം വില്ലേജ് ഒഴികെയുള്ള മറ്റു പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പുതിയ വില്ലേജ് (കണ്ണമാലി) വേണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുമ്പളങ്ങി വില്ലേജിൽ വരുന്ന സ്ഥലങ്ങൾ കുമ്പളങ്ങി പഞ്ചായത്തിന്റെയും, രാമേശ്വരം വില്ലേജിൽ വരുന്ന ഭാഗം കൊച്ചി കോർപ്പറേഷന്റെയും ഭാഗമായി ഉൾക്കൊളളിച്ച് പ്രശ്നം പരിഹരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) പുതിയ വില്ലേജ് രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ? | (സി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ